# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 347 — 03-02-2020 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖ നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.വിൻസെന്റ് :<br>ശ്രീ.വി.എസ്.ശിവകുമാർ :<br>ശ്രീ.ടി.ജെ.വിനോദ് :<br>ശ്രീ.കെ.എസ്.ശബരീനാഥൻ: | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
| --- | --- | --- | --- |
| (എ) | 2015 ഡിസംബർ 5-ാം തീയതി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് ഊർജ്ജിതമായി മുന്നോട്ട് പോയ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾ പ്രതീക്ഷിച്ചതുപോലെ മുന്നോട്ട് കൊണ്ടുപോകുന്നതിൽ ഈ സർക്കാർ പരാജയപ്പെട്ടതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ ആക്ഷേപം ഉന്നയിക്കപ്പെടാനിടയായ സാഹചര്യം വ്യക്തമാക്കുമോ ; | (എ) യും (ബി) യും | ഇല്ല. കൺസഷൻ കരാർ പ്രകാരം, 2015 ഡിസംബർ 5-ാം തീയതി നിർമ്മാണം ആരംഭിച്ച പദ്ധതിയുടെ ഒന്നാം ഘട്ടം 2019 ഡിസംബർ 3 ന് പൂർത്തീകരിക്കേണ്ടതായിരുന്നു. 3 മാസം പിഴ ഇല്ലാതെയും തുടർന്ന് 6 മാസം പിഴയോടുകൂടിയും ക്യൂറിംഗ് പീരീഡിന് കൺസഷൻ കരാറിൽ വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് 2020 സെപ്റ്റംബർ മാസത്തിൽ കമ്പനി പണി പൂർത്തീകരിക്കേണ്ടതാണ്. |
| (ബി) | കരാർ അനുസരിച്ച് ഈ തുറമുഖത്തിന്റെ നിർമ്മാണം എന്നാണ് പൂർത്തിയാക്കേണ്ടിയിരുന്നതെന്ന് വ്യക്തമാക്കുമോ ; | | |
| (സി) | നിർമ്മാണപ്രവർത്തനം പൂർത്തിയാക്കുവാൻ കൂടുതൽ സമയം അനുവദിക്കണമെന്ന് തുറമുഖ നിർമ്മാണക്കമ്പനി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര സമയമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | പ്രളയം, ഓഖി തുടങ്ങിയ കാരണങ്ങളാൽ പണി തടസ്സപ്പെട്ടുവെന്ന് ചൂണ്ടിക്കാട്ടി Force Majeure Event ആയി പരിഗണിച്ച് നിർമ്മാണ കാലാവധി ദീർഘിപ്പിച്ചു നൽകണമെന്ന് കരാർ കമ്പനി ആവശ്യപ്പെട്ടിരുന്നു. ടി ആവശ്യം സർക്കാർ നിരസിച്ചിട്ടുണ്ട്. |

Sheeba

**സെക്ഷൻ ഓഫീസർ**